**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1650** **15-03-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിൽ സ്വയംപര്യാപ്തത ഉറപ്പ് വരുത്താൻ എന്തെല്ലാം കാര്യങ്ങൾ ആണ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കാർഷിക മേഖലയുടെ സ്വയംപര്യാപ്തത ഉറപ്പ് വരുത്തുവാൻ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പല പദ്ധതികളും ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നു. കാർഷികവൃത്തിയുടെയും കൃഷിയുടെയും പുനരുജ്ജീവനത്തിന് ഉൽപ്പാദനം, വിജ്ഞാന വ്യാപനം, പരിശീലനം, യന്ത്രവൽക്കരണം, മൂല്യവർദ്ധനവ്, വിപണനം കർഷക ക്ഷേമം എന്നീ തലങ്ങളിൽ കർഷകരെ സഹായിക്കുന്നതിന് ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 1. ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയ്ക്കു പുറമെ സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ 2. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുവാനും ലക്ഷ്യമിട്ട് പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇതിനായി ഗുണമേന്മയുള്ള ഉൽപ്പാദനോപാധികൾ ലഭ്യമാക്കു ന്നുണ്ട് . 3. പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. 4.സുരക്ഷിത ഭക്ഷണം ഉറപ്പ വരുത്തുന്നതിന് ജൈവ കൃഷിയും ഉത്തമ കാർഷിക മുറകളുടെ പ്രോത്സാഹനത്തിനായും പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 5. കാർഷിക രംഗത്തെ സാങ്കേതിക വിദ്യ കർഷകരിൽ എത്തിക്കുന്നതിനുള്ള കാർഷിക വിജ്ഞാന വ്യാപന പദ്ധതി. 6. കർഷകർക്ക് കാർഷിക പാരിസ്ഥിതിക യൂണിറ്റുകളെ സംബന്ധിച്ചും അവയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയ കൃഷി മുറകൾ നടപ്പിലാക്കുന്നതിനെക്കുറിച്ചും ബോധവത്കരണം നൽകുന്നതിനായി |

കൃഷിഭവനുകളുടെ കീഴിൽ 'കൃഷി പാഠശാല' എന്ന പേരിൽ പ്രത്യേക പരിശീലന പരിപാടികൾ നടത്തി വരുന്നു. 7.കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും കർഷകരെ ഇത്തരം കാര്യങ്ങളിൽ സഹായിക്കുന്നതിനും കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും പദ്ധതി . 8. നെൽപാടങ്ങളുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് കേരളത്തിൽ നെൽ കൃഷി നിലനിർത്തുന്നതിന് വേണ്ടി നെൽകൃഷിയുടെ ഉടമകൾക്ക് റോയൽറ്റി നൽകി വരുന്നു. 9. കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന കർഷകർക്ക് ഒരു കൈത്താങ്ങായാണ് സംസ്ഥാന സർക്കാർ സുഭിക്ഷ കേരളം പദ്ധതി 2020-21 വർഷത്തിൽ നടപ്പിലാക്കിയത്. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കിയത്. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, സഹകരണ, ജലസേചനം തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിയത്. കാർഷിക മേഖലയിൽ തരിശു നില കൃഷി, പച്ചക്കറികൃഷിയിൽ മഴ മറകളുടെ പ്രോത്സാഹനം, സംയോജിത കൃഷി സംവിധാനങ്ങളുടെ (ജൈവഗൃഹം) പ്രോത്സാഹനം, ഒരു കോടി ഫല വൃക്ഷതൈകൾ നട്ടുവളർത്തൽ, വായ്പാ സൗകര്യം ലഭ്യമാക്കൽ എന്നിവ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി. 2021-22 സാമ്പത്തിക വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഘടകങ്ങൾ മറ്റു പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. 10. കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികളും കൃഷിവകുപ്പ് നടപ്പിലാക്കുന്നു. 11.. മുഖ്യമന്ത്രിയുടെ സുഭിക്ഷ കേരളം പരിപാടിയുടെ ഭാഗമായി 16 ഇനം പഴങ്ങൾക്കും പച്ചക്കറികൾക്കും 2020 നവംബർ 1 മുതൽ പ്രാബല്യത്തിൽ വരുന്ന അടിസ്ഥാന വില കേരള സർക്കാർ പ്രഖ്യാപിച്ചു. വിലയിടിവ് ഉണ്ടാകുമ്പോഴെല്ലാം കർഷകർക്ക് പ്രഖ്യാപിച്ച അടിസ്ഥാന വില ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 12. 2016-17 മുതൽ അഗ്രോ പ്രോസസിംഗിലും മൂല്യവർദ്ധനവിലും അന്താരാഷ്ട്ര വർക്ക്ഷോപ്പായ 'വൈഗ' വിജയകരമായി നടത്തിവരുന്നുണ്ട്. മൂല്യവർദ്ധനവ്, കാർഷിക സംസ്കരണം എന്നീ മേഖലകളിലെ അന്താരാഷ്ട്ര

| | | | |
|---|---|---|---|
| | | | പ്രശസ്തി നേടിയ വിദഗ്ധരുടെ അറിവുകളും സാങ്കേതിക ഉപദേശങ്ങളും കൃഷിക്കാരിൽ എത്തിക്കുവാനുള്ള ഒരു നല്ല വേദി കൂടിയാണിത്. |
| (ബി) | കാർഷിക മേഖലയുടെ സ്വയംപര്യാപ്തത എന്ന ലക്ഷ്യ സാക്ഷാത്ക്കാരത്തിന് എന്തെല്ലാം തയ്യാറെടുപ്പാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | സർക്കാരിന്റെ നൂറു ദിന പരിപാടിയുടെ ഭാഗമായി എല്ലാ ജനങ്ങളെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്". കാർഷിക കൂട്ടായ്മയിലൂടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സുരക്ഷിത ഭക്ഷണം ലഭ്യമാക്കുക, കേരളീയരിൽ കാർഷിക സംസ്കാരം വളർത്തുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് "ഞങ്ങളും കൃഷിയിലേക്ക്" എന്ന പദ്ധതി വിഭാവന ചെയ്യുന്നത്. ഓരോ പഞ്ചായത്തിലും പത്തു മുതൽ പതിനഞ്ചു കർഷകർ ഉൾപ്പെടുന്ന പത്തു വീതം കർഷക ഗ്രൂപ്പുകൾ രൂപീകരിച്ചു ഓരോ ഗ്രൂപ്പുകളും ഒരു ഹെക്ടറിൽ കുറയാത്ത സ്ഥലത്തു പുതുതായി കൃഷി ചെയ്യുന്നതിനായാണ് '10000 കർഷക ഗ്രൂപ്പുകൾ' എന്ന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പച്ചക്കറി കൃഷി, വാഴക്കൃഷി, കിഴങ്ങു വർഗ വിളകൾ, പയർ വർഗ വിളകൾ, എണ്ണക്കുരുക്കൾ, ചെറുധാന്യങ്ങൾ എന്നീ കൃഷികളാണ് നടപ്പിലാക്കുന്നത്. കൂടാതെ, സുരക്ഷിത ഭക്ഷണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സുഭിക്ഷം സുരക്ഷിതം - ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയിൽ 10000 ഹെക്ടർ സ്ഥലത്തു ജൈവകൃഷി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ